(ബി) കുളമ്പുരോഗം കൂടുതലായി അനുഭവപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ രോഗനിയന്ത്രണത്തിനായി ഈ പ്രദേശം മുഴുവൻ കാലിരോഗ വിമുക്ത മേഖലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുളമ്പു രോഗത്തിനെതിരെ സൗജന്യമായി 4 റൗണ്ട് കുത്തിവെപ്പ് നടത്തി ഉരുക്കളെ രോഗവിമുക്തമാക്കുന്ന പദ്ധതിയാണിത്. കൂടാതെ 12 കോടി രൂപ ചെലവിൽ നീണ്ട പ്രതിരോധശക്തിയുള്ള ആധുനിക വാക്സിൻ വരുത്തി സംസ്ഥാനമൊട്ടാകെ ഉരുക്കളെ കുത്തിവയ്ക്കുന്ന ഒരു പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

കുളമ്പുരോഗ ബാധയുടെ റിപ്പോർട്ട് ലഭിക്കുന്നയുടനെ യുദ്ധകാലാടിസ്ഥാനത്തിൽ അത് നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ രോഗബാധിത പ്രദേശങ്ങളിലെത്തി സൗജന്യ ചികിൽസയും മരുന്നുകളും നൽകുന്നു. രോഗ പ്രതിരോധത്തിന് ആധുനിക വാക്സിനുകൾ ഉപയോഗിച്ചുള്ള കുത്തിവയ്പുകളും നടത്തുന്നു. രോഗം ബാധിച്ച ഉരുക്കളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. സംസ്ഥാനാതിർത്തികളിലൂടെയുള്ള കന്നുകാലികളുടെ വരവുപോക്ക് കർശനമായി നിരോധിച്ചിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മൃഗങ്ങളെ പ്രതിരോധ കുത്തിവെപ്പിന് വിധേയമാക്കുന്നതിന് ചെക്പോസ്റ്റുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയിലെയും ദേശീയ ക്ഷീരവികസന ബോർഡിലെയും മറ്റും വിദഗ്ദ്ധൻമാരുടെ സേവനം രോഗ നിർണ്ണയത്തിനും നിവാരണത്തിനും വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) 14.6.99 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 19,220 കന്നുകാലികൾക്ക് കുളമ്പുരോഗം ബാധിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ അനുബന്ധ സ്ഥാപനമായ ഇൻഡ്യൻ ഇമ്യൂണോളജിക്കൽസിൽനിന്ന് 89,850 ഡോസ് മോണോവാലന്റ് വാക്സിനും 49,580 ഡോസ് പോളിവാലന്റ് വാക്സിനും സൗജന്യമായി ലഭിച്ചിട്ടുണ്ട്.

14 (*14) ജവാൻമാരുടെ ആശ്രിതർക്ക് നൽകുന്ന സർക്കാർ സഹായങ്ങൾ

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. എം.ദാസൻ :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാശ്മീരിലെ കാർഗിൽ, ദ്രാസ് മേഖലകളിൽ പാക് നുഴഞ്ഞുകയറ്റക്കാരെ തുരത്തുന്നതിനിടയിൽ ജീവൻ നഷ്ടപ്പെട്ട മലയാളികളായ ജവാൻമാർ എത്ര എന്ന് സർക്കാരിന് അറിവുണ്ടോ;

(ബി) എങ്കിൽ അവർ ആരൊക്കെയാണ്;

+ അനുബന്ധം - 3

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം ജീവൻ നഷ്ടപ്പെട്ട ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ എന്തൊക്കെ സാമ്പത്തികസഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സഹായധനം ഏതു വകുപ്പാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഗിലിൽ കൊലചെയ്യപ്പെട്ട മലയാളി ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികയിലാണ് പ്രസ്തുത ആശ്രിതർക്ക് ജോലി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) കൊല്ലപ്പെട്ട മലയാളി ജവാൻമാരുടെ ആശ്രിതർക്ക് സർക്കാർ സഹായങ്ങൾ താമസംവിനാ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) 1. ലഫ്റ്റനന്റ് കേണൽ ആർ. വിശ്വനാഥൻ

2. ക്യാപ്റ്റൻ പി.വി. വിക്രം

(സി) അഞ്ചുലക്ഷം രൂപ വീതം എക്സ്ഗ്രേഷ്യാ ഗ്രാന്റായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇത് ഉടനെ നൽകുന്നതാണ്.

(ഡി) പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്.

(ഇ)&(എഫ്) മരണമടഞ്ഞ സൈനികരുടെ ആശ്രിതരിൽ ഒരാൾക്ക് വീതം സർക്കാർ സർവീസിൽ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വകുപ്പ്, തസ്തിക എന്നിവ തീരുമാനിച്ചിട്ടില്ല.

(ജി) സ്വീകരിച്ചുകഴിഞ്ഞു.

15 (*15) സെല്ലുലോസ് പ്രോജക്ട്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ കായൽ-ജലസസ്യങ്ങളെ ഉപയോഗപ്പെടുത്തി സെല്ലുലോസ് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ടത് ഏത് ഏജൻസിയിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച പദ്ധതിരേഖ കാലതാമസമില്ലാതെ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly